LIBRARY ARCHIVES Kerala Legislative Assembly

മോഡേണൈസിംഗ് പദ്ധതിയിലൂടെ ലഭിക്കുന്ന ഭൗതിക നേട്ടങ്ങൾ

12 [5155] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡേണൈസിംഗ് പദ്ധതിയിലൂടെ ലഭിക്കുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനുള്ള ധനസഹായം എവിടെ നിന്നാണ് ലഭിക്കുന്നതെന്നും എന്തു തുകയാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ കാലയളവ് എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായുള്ള ധനസഹായം എത്ര തവണകളായിട്ടാണ് ലഭിക്കുന്നതെന്നും അതിനുള്ള നിബന്ധന എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് സർക്കാർ നവീകരണ പരിപാടി. സർക്കാർ ജീവനക്കാരുടേയും, ജനപ്രതിനിധികളുടേയും സേവനം, സജീവവും കാര്യക്ഷമവും ഉത്തരവാദിത്വപൂർണ്ണവും വ്യാപകവുമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനാണ് ഇത് ഊന്നൽ നൽകുന്നത്. പത്താം പഞ്ചവൽസര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന മാനവശേഷി വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ നവീകരണം ഉപകരിക്കും.

(ബി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, നെതർലന്റ് സർക്കാർ എന്നിവിടങ്ങളിൽ നിന്നും ഈ പദ്ധതിക്കുള്ള ധനസഹായം കേന്ദ്ര സർക്കാർ വഴി അധിക പദ്ധതി വിഹിതമായാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. 2003-04 സാമ്പത്തിക വർഷത്തെ ബജറ്റിൽ സർക്കാർ നവീകരണ പരിപാടിയുടെ നടത്തിപ്പിനായി 513 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ആദ്യ സബ് പ്രോഗ്രാം 2002-2004 കാലയളവിൽ നടത്താനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(ഡി) ആദ്യ സബ് പ്രോഗ്രാമിനുള്ള ധനസഹായം 2 തവണകളായിട്ടാണ് ലഭിക്കുന്നത്. ലോൺ എഗ്രിമെന്റിലെ ഗഡു വ്യവസ്ഥകളുടെ (Tranchee conditions) അടിസ്ഥാനത്തിലായിരിക്കും രണ്ടാം തവണ ലഭ്യമാക്കുന്നത്. ലോൺ എഗ്രിമെന്റിന്റേയും പ്രോഗ്രാം എഗ്രിമെന്റിന്റേയും പകർപ്പുകൾ ഇതിനോടകം തന്നെ എല്ലാ നിയമസഭാ സാമാജികർക്കും ലഭ്യമാക്കിയിട്ടുണ്ട്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

13 [5156] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് ഉടനെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാർ സർവ്വീസിലെ ഏതെല്ലാം തസ്തികകളിലെ എത്ര ഒഴിവുകളിലേയ്ക്കാണ് നരേന്ദ്രൻ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഉടനെ നിയമനം നടത്താൻ പോകുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചർച്ചയ്ക്കായി നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. സഭയിലേയും രാഷ്ടീയപാർട്ടികളുമായും ഉള്ള ചർച്ചയുടേയും വെളിച്ചത്തിൽ റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

കുറ്റകൃത്യങ്ങൾ മറച്ചുവെയ്ക്കുന്നതിനെതിരെ നടപടി

14 [5157] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകളിൽ പ്രതികളായവർ പി. എസ്. സി. വഴി സർക്കാർ ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത വിവരം പ്രഫോർമയിൽ മറച്ചുവയ്ക്കുന്നതും പിന്നീട് ജോലിയിൽ തുടരുന്നതും കുറ്റകരമാണോ എന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ വയനാട് ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ പ്യൂണായി ജോലി നോക്കുന്ന ഉമാശങ്കർ ജി. എസ്. എന്നയാൾ ഈ വിവരം മറച്ചുവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുറ്റകരമാണ്.

(ബി) ഇല്ല. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ സർവ്വീസിൽ പ്രവേശിക്കുമ്പോൾ പ്രഫോർമ പൂരിപ്പിച്ച് നൽകേണ്ടതില്ല.

(സി, ഡി) ഉണ്ട്. ലാസ്റ്റ് ഗ്രേഡ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുവേണ്ടി ശ്രീ. എസ്. സന്തോഷ് നൽകിയ നിവേദനം പരിശോധിച്ചതിൽ ശ്രീ. ഉമാശങ്കർ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ പരാതിയിൽ പറയുന്ന തരത്തിലുള്ള പ്രഫോർമ പൂരിപ്പിച്ച് നൽകിയിട്ടില്ലായെന്ന് അറിയാൻ കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിക്കണമെന്ന് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly